(ബി) അദ്ദേഹം റിപ്പോർട്ട സമർപ്പിച്ചോ;

(സി) ഇല്ലെങ്കിൽ എത്ര കാലത്തിനകം റിപ്പോർട്ട സമർപ്പിക്കപ്പെടുമെന്നാണ് ഗവണ്മെൻറ പ്രതീക്ഷിക്കുന്നത്;

(ഡി) റിപ്പോർട്ട സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിലെ പ്രധാനശുപാർശകൾ എന്തെല്ലാം;

(ഇ) റിപ്പോർട്ടിന്മേൽ ഗവണ്മെൻറ് എന്തു നടപടി എടുക്കുകയുണ്ടായി?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) 30-10-1954-ൽ.

(ബി) സമർപ്പിച്ചു.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇപ്പോൾ വെളിപ്പെടുത്തുവാൻ നിവൃത്തിയില്ല.

(ഇ) റിപ്പോർട്ട് ഗവണ്മെൻറ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. വിശ്വംഭരൻ: എന്നാണ് ഈ റിപ്പോർട്ട സമർപ്പിച്ചത്?

ശ്രീ. കെ. ഐ. വേലായുധൻ: കഴിഞ്ഞ 22-ാം തീയതി.

ശ്രീ. പി. വിശ്വംഭരൻ: പരിശോധിച്ച് എന്തു നടപടി നടത്തുന്നുണ്ട്?

ശ്രീ. കെ. ഐ. വേലായുധൻ: റിപ്പോർട്ട് ഗവണ്മെൻറ് പരിശോധിച്ചുകൊണ്ടിരിക്കയാണ്. അതുകൊണ്ട് ഇപ്പോൾ അതേപ്പറ്റിയാതൊന്നും പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ആ റിപ്പോർട്ട മേശപ്പുറത്തു വയ്ക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. ഐ. വേലായുധൻ: ആ റിപ്പോർട്ട് ഗവണ്മെൻറ് പഠിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. എ. ബാലൻ: ഈ കമ്മിഷനെ നിയമിച്ചതു സംബന്ധിച്ച് ആകെ എന്തു ചെലവുണ്ടെന്നു പറയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: അതിനു പ്രത്യേകം ചോദ്യം ആയയ്ക്കണം.

കയറുതൊഴിലാളികളുടെ മിനിമംകൂലി.

* 14. [14] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) കയറുതൊഴിലാളികളുടെ മിനിമം കൂലി സ്റ്റേറിൽ എതെല്ലാം ഭാഗത്ത് നടപ്പിൽ വന്നിട്ടുണ്ട്.

(ബി) മിനിമം കൂലി കൊടുക്കാത്ത മുതലാളിമാരുടെ പേരിൽ എന്തു നടപടി നടത്തി;

LIBRARY ARCHIVES Kerala Legislative Assembly

(സി) മിനിമം കൂലി കൊടുക്കാൻ കഴിവില്ലാതെ അനേകം ഉൽപ്പാദകർ തൊഴിൽ നിറുത്തിവച്ചിട്ടുള്ളതായി സക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ് ;

(ഇ) അതിനു പരിഹാരമായി സക്കാർ എന്തു നടപടി നടത്തി ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) കയറുതൊഴിലാളികളുടെ കുറഞ്ഞ കൂലി സ്റ്റോറിന്റെ എല്ലാ ഭാഗത്തും നടപ്പിൽ വന്നിട്ടുണ്ട്.

(ബി) കുറഞ്ഞ കൂലി കൊടുക്കാത്ത കായ്ത്തുകളിൽ ഡിപ്പാർട്ടുമെൻറ് ഇടപെട്ട് ശരിയായ കൂലി കൊടുപ്പിച്ചിട്ടുണ്ട്. ഡിപ്പാർട്ടുമെന്റിന്റെ ഉപദേശാനുസരണം മിനിമം വേജസ് കൊടുക്കാത്ത മുതലാളിമാരുടെ പേരിൽ നിയമാനുസരണം വേണ്ട നടപടികളും എടുത്തിട്ടുണ്ട്. കൂടാതെ ഈ മാതിരിയുള്ള മുതലാളിമാരുടെ പേരിൽ ക്ലെയിംസ് പെറ്റീഷൻ കൊടുക്കാനായി തൊഴിലാളിസംഘടനാപ്രതിനിധികളെ ഉപദേശിച്ചിട്ടുമുണ്ട്.

(സി) ഏതാനും കുറെ ഉൽപ്പാദകർ തൊഴിൽ നിറുത്തിവച്ചിട്ടുള്ളതായി അറിഞ്ഞിട്ടുണ്ട്. എന്നാൽ അതു കുറഞ്ഞ കൂലി കൊടുക്കാൻ കഴിവില്ലാത്തതുകൊണ്ടാണോ, തൊഴിൽപരമായ കായ്ത്തുകളിൽ മുതലാളിയും തൊഴിലാളിയും തമ്മിലുള്ള അസ്വസ്ഥതകൊണ്ടാണോ എന്നറിവില്ല.

(ഡി, ഇ) സീയുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ശ്രീ. യു. നീലകണ്ഠൻ : കയർ മിനിമംവേജസ് സംബന്ധിച്ച് നോട്ടിഫിക്കേഷൻ എന്തെങ്കിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ എന്നാണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്. തീയതി ഓർമ്മയില്ല.

ശ്രീ. പി. വിശ്വംഭരൻ : തൊണ്ടിന്റെ വില വർദ്ധിച്ചിരിക്കുന്നതുകൊണ്ടാണോ ഈ മിനിമം വേജസ് കൊടുക്കാത്തത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെയൊരു ബോദ്ധ്യമുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : പേഴ്സനൽ ക്ലെയിംസ് എന്നുള്ള നിലയിൽ തൊഴിലാളികൾതന്നെ നടപടി നടത്തിക്കൊള്ളണമെന്നു ഓർഡർ അയച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ ചെയ്യാൻ കുറെ എളുപ്പമുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : പേഴ്സനൽ ക്ലെയിംസ് അനുസരിച്ച് കേസു കൊടുക്കുന്നതിന് തൊഴിലാളികൾക്കു ബുദ്ധിമുട്ടുണ്ടാകുമെന്നുള്ളതുകൊണ്ട് മിനിമം വേജസ് ഇൻസ്പെക്ടർമാർതന്നെ കേസു കൊടുക്കാൻ വ്യവസ്ഥയില്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടായിരിക്കാം. പക്ഷേ, വളരെ ഏറെ ഭാരം ഡിപ്പാർട്ട്മെൻറിന്റെ ചുമതലയിൽ വിട്ടുകൊടുത്താൽ കൂടുതൽ വിഷമങ്ങൾ ഉണ്ടാകും. കൂടാതെ നമ്മുടെ തൊഴിലാളികൾ വിദ്യാസമ്പന്നരാണ്, സംഘടിതരാണ്, അവകാശങ്ങളെപ്പറ്റി അവക്കറിയാം. അങ്ങനെയിരിക്കെ കേസു കൊടുക്കുന്നതിൽ എന്താണു വിരോധം?

ശ്രീ. ടി. കെ. ദിവാകരൻ: കേസിലേക്കു ആവശ്യമുള്ള ചെലവു വഹിക്കാൻ നിവൃത്തിയില്ലാത്ത തൊഴിലാളികൾ ഉണ്ടായിരിക്കും. അതു കൊണ്ട് ഇൻസ്പെക്ടർമാർതന്നെ ആ ജോലി ചുമതലപ്പെട്ട ചെയ്യുകയുടേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഞാൻ പറഞ്ഞു കഴിഞ്ഞു.

ശ്രീ. ടി. കെ. ദിവാകരൻ: മിനിമംവേജസ് ഇൻസ്പെക്ടർതന്നെ ഇപ്രകാരമുള്ള കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം കൊടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേപ്പറ്റി ആലോചിക്കാം.

ശ്രീ. യു. നീലകണ്ഠൻ: ഗവണ്മെൻറിൽ നിന്നും നിയമിച്ചിട്ടുള്ള കയർ അഡ്വൈസറിക്കമ്മിറ്റി മിനിമംവേജസ്സിനെ സംബന്ധിച്ചു് എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പല നിർദ്ദേശങ്ങളും ഉണ്ട്. ഏതിനെപ്പറ്റിയാണെന്നു അറിഞ്ഞാൽ അതു പറയാം.

ശ്രീ. പ്രാക്കുളം ഭാസി: തൊണ്ടിനു ഇപ്പോൾ വർദ്ധിച്ചിരിക്കുന്ന അമിതമായ വിലയെ നിയന്ത്രിക്കാൻ എന്തു നടപടി നടത്തിയിട്ടുണ്ടു്?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: അതിലേക്കു് എന്തു നടപടിയാണു് നടത്തേണ്ടതെന്നു ഒരു തീരുമാനത്തിൽ എത്തിയിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി: തൊണ്ടിന്റെ വില നിയന്ത്രിക്കുന്നതിനു ഒരു നിയമം ഉണ്ടാക്കിക്കുടേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തൊണ്ടു് തിരുവിതാംകൂർ-കൊച്ചിയിൽ മാത്രമുള്ള ഒരു വസ്തുവല്ല. തൊട്ടുകിടക്കുന്ന മലബാർ പ്രദേശങ്ങളും ഉണ്ടു്. അതുകൊണ്ടു് അവിടെയുംകൂടെ ബാധിക്കത്തക്ക വിധത്തിൽ ഇവിടെ ഒരു നിയമം ഉണ്ടാക്കാൻ സാദ്ധ്യമല്ല.

ശ്രീ. പ്രാക്കുളം ഭാസി: മലബാർ പ്രദേശത്തെക്കൂടി ബാധിക്കത്തക്ക വിധത്തിൽ വേണ്ട വ്യവസ്ഥ ചെയ്യുന്നതിനു മറ്റു ഗവണ്മെൻറുകളുമായി എന്തെങ്കിലും ഏർപ്പാടുകൾ ചെയ്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മദ്രാസ് ഗവണ്മെൻറിനും ഇൻഡ്യാ ഗവണ്മെൻറിനും ഇക്കാര്യത്തെപ്പറ്റി എഴുതി അയച്ചിട്ടുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി: കിഴക്കൻനാടുകളിലുള്ള തൊണ്ടു് തീരപ്രദേശങ്ങളിലേക്കു് കൊണ്ടുവരാൻ ട്രാൻസ്പോർട്ട് സൗജന്യങ്ങൾ ചെയ്താൽ തൊണ്ടുവില നിയന്ത്രിക്കാൻ കഴിയുമെന്നു നിർദ്ദേശിച്ചിട്ടുള്ളതിന്മേൽ എന്തു നടപടി നടത്തി?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പറ്റി നടപടി നടത്തിയിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി : അങ്ങനെ നടപടി നടത്താത്തതുകൊണ്ട് കയറഴിഴിലാളികളുടെ നില പരിതാപകരമായിട്ടുണ്ടെന്ന അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതുകൊണ്ട് മാത്രമാണെന്ന തോന്നുന്നില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : എത്ര രൂപ മുടക്കി ജോലി ചെയ്യുന്ന ആളുകളെയാണ ഇവിടെ മുതലാളിമാരെന്ന പറയുന്നത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോൾ കാണുന്നത് കൈഴിലാളികളല്ലാത്ത ആളുകൾ മുതലാളിമാർ ആണെന്നാണ്.

രണ്ടാം പഞ്ചവത്സരപദ്ധതി.

* 15. [17] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ആദ്യത്തെ കൊല്ലത്തിൽ ഈ സ്റ്റേറ്റിൽ സ്റ്റേറ്റ പ്ലാനും, സെൻട്രൽ പ്ലാനും ഉൾപ്പെടെ ആകെ എത്ര രൂപയുടെ ചെലവു ചെയ്യപ്പെടും; ഇതിൽ കേന്ദ്രത്തിൽ നിന്നും ചെലവു ചെയ്യുന്നതെത്ര; സ്റ്റേറ്റ സ്കീംസിനുള്ള വരുമാനമാർഗ്ഗം ഏതു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : സ്റ്റേറ്റ പ്ലാൻ അനുസരിച്ചു രണ്ടാം പഞ്ചവത്സരപദ്ധതിയുടെ സൂക്ഷ്മമായ തുകകൾ, മാർച്ചുമാസം 9-ാംതു- ധനകാര്യമന്ത്രി അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന ബഡ്ജറ്റിൽ നിന്നും ലഭിക്കുന്നതാണ്. സെൻട്രൽ ഗവണ്മെൻറിൽ നിന്നും ഉള്ള വിഹിതം തീരുമാനിച്ചിട്ടില്ല. സ്റ്റേറ്റ സ്കീംസിലുള്ള വരുമാനമാർഗ്ഗങ്ങൾ.

(1) നിലവിലുള്ള നികുതി നിരക്കനുസരിച്ചു് പ്ലാനിലേക്കുള്ള വിഹിതം,

(2) നികുതി വർദ്ധനവിൽ നിന്നുമുള്ള വരവു്,

(3) പൊതുജനങ്ങളിൽ നിന്നുള്ള വായ്പ,

(4) ഗവണ്മെൻറ നിക്ഷേപങ്ങൾ വിൽക്കുന്നതിൽ നിന്നുള്ള തുക.

ഈ നാലു ഇനങ്ങളിൽ നിന്നും ലഭിക്കുന്ന തുകകൾ കൂടാതെ കേന്ദ്ര ഗവണ്മെൻറിൽ നിന്നും വായ്പയും സഹായധനവും ലഭിക്കുന്നതാണ്.

ശ്രീ. ഡി. വിവേകാനന്ദൻ : സെൻട്രൽ ഗവണ്മെൻറിൽ നിന്നും എത്ര തുക ഗ്രാന്റ എന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ വക വിവരങ്ങൾ എല്ലാം നാലഞ്ചു ദിവസങ്ങൾക്കകം അറിയാം.

LIBRARY ARCHIVES Kerala Legislative Assembly